**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5437** **15-03-2023 - ൽ മറുപടിയ്ക്ക്**

**അംഗപരിമിതരുടെ പെൻഷൻ വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി ഉമ തോമസ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യ സുരക്ഷാ പെൻഷനുകളെക്കാൾ ഇരുപത് ശതമാനം അധികം തുക അംഗ പരിമിതരുടെ പെൻഷനായി നൽകണമെന്ന് ഏതെങ്കിലും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) | 2016-ലെ ദി റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് ആക്ട്-ലെ 24(1), പ്രകാരം ഭിന്നശേഷി പെൻഷൻ മറ്റു പെൻഷനുകളെക്കാൾ 25% കൂടുതലായി നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വകുപ്പ് 24(1)- ൽ സർക്കാരിന്റെ സാമ്പത്തിക ശേഷി കൂടി കണക്കിലെടുത്തു വേണം ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പാക്കേണ്ടതെന്നും പ്രതിപാദിക്കുന്നുണ്ട്. എൻ.എസ്.എ.പി. മാർഗ്ഗനിർദ്ദേശ പ്രകാരം ഭിന്നശേഷി പെൻഷൻ കേന്ദ്രസഹായം 300/- രൂപയാണെങ്കിൽ സംസ്ഥാനത്ത് ഇത് 1600/- രൂപയാണ്. കൂടാതെ, സംസ്ഥാനത്ത് ഭിന്നശേഷി പെൻഷൻ ലഭിക്കുന്നവർക്ക് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി മറ്റൊരു സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡ് പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കുന്നതിന് അർഹതയുണ്ട്. |
| (ബി) | അംഗ പരിമിതർക്ക് വൈകല്യത്തിന്റെ ശതമാനം അനുസരിച്ച് പെൻഷൻ നൽകുന്ന രീതി സംസ്ഥാനത്ത് ഉണ്ടായിരുന്നോ; എങ്കിൽ അത് അവസാനിപ്പിക്കാനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) | 40 ശതമാനമോ അതിലധികമോ വൈകല്യമുള്ളവർക്കാണ് ഭിന്നശേഷി പെൻഷന് അർഹത. മേൽപ്പറഞ്ഞ ഭിന്നശേഷി പെൻഷൻ കുറഞ്ഞ നിരക്കായിരുന്ന സമയത്ത് 80 ശതമാനവും അതിന് മുകളിലും വൈകല്യമുള്ളവർക്ക് ഭിന്നശേഷി പെൻഷൻ ഉയർന്ന നിരക്കിൽ നൽകിയിരുന്നു. 21.02.2018 മുതൽ ഇത് 1,300/- രൂപയായി വർദ്ധിപ്പിച്ചിരുന്നു. 01.04.2020 തീയതി മുതൽ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ 1,300/- രൂപയായി വർദ്ധിപ്പിച്ച് ഏകീകൃതമാക്കി. (75 വയസ്സിനു മുകളിൽ പ്രായമുള്ള വാർദ്ധക്യകാല പെൻഷൻകാർക്ക് 1,500/- രൂപ നിരക്കിൽ മുൻപു മുതലേ ലഭിച്ചിരുന്നത് തുടർന്നും ലഭിച്ചിരുന്നു.) തുടർന്ന് വന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ വർദ്ധനവുകളെല്ലാംതന്നെ ഏകീകൃതമായിട്ടാണ് |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കിയിട്ടുള്ളത്. നിലവിൽ എല്ലാത്തരം സാമൂഹ്യ സുരക്ഷാ പെൻഷനുകളും 1,600/- രൂപയെന്ന ഏകീകൃത നിരക്കിലാണ് നൽകി വരുന്നത്. |
| (സി) | അംഗ പരിമിതരുടെ പെൻഷൻ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ